**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3246** **11-03-2025 - ൽ മറുപടിയ്ക്ക്**

**പൊറ്റശ്ശേരി ജി.എച്ച്.എസ്.എസ്. ഒന്നാം ക്ലാസ്സിലെ ഡിവിഷൻ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 വർഷത്തെ തസ്തികനിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോങ്ങാട് നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരിയിലെ ഒന്നാം ക്ലാസിൽ നിന്നും എത്ര ഡിവിഷനുകൾ നഷ്ടമായെന്ന് വ്യക്തമാക്കാമോ; | (എ) | **2024-25 വർഷത്തെ തസ്തികനിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോങ്ങാട് നിയോജക മണ്ഡലത്തിലെ ജി എച്ച്എസ്എസ് പൊറ്റശ്ശേരിയിലെ ഒന്നാം ക്ലാസിൽ നിന്നും ഒരു ഡിവിഷൻ നഷ്ടമായിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സ്കൂളിലെ ഒന്നാം ക്ലാസിൽ നിലവിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും അതിൽ എത്ര കുട്ടികൾക്ക് വാലിഡ് യു.ഐ.ഡി. ഉണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | **പ്രസ്തുത സ്കൂളിൽ ഒന്നാം ക്ലാസിൽ നിലവിൽ 29 കുട്ടികൾ പഠിക്കുന്നുണ്ട്. 29 കുട്ടികൾക്കും വാലിഡ് യു.ഐ.ഡി ഉണ്ട്.** |
| (സി) | ഡിവിഷൻ നഷ്ടപ്പെട്ടത് പുനഃപരിശോധിക്കുന്നതിന് പ്രസ്തുത സ്കൂളിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | **2024-25 വർഷത്തെ ഒന്നാം ക്ലാസ്സിലെ ഡിവിഷൻ നഷ്ടപ്പെട്ടത് പുന:പരിശോധിക്കുന്നതിന് പ്രസ്തുത സ്കൂളിൽ നിന്നും അപ്പീൽ സമന്വയ പോർട്ടൽ മുഖേനയോ ഇ-ഓഫീസ് മുഖേനയോ പാലക്കാട് ഉപഡയറക്ടറുടെ കാര്യാലയത്തിലും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും, സർക്കാരിലും ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാലുടൻ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ